പോലീസ് കേസുകൾ.

41. [11] ശ്രീ. പി. നാരായണൻപോറ്റി : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) 1949 ജൂലൈ ഒന്നിനുശേഷം സംസ്ഥാനത്തെ വിവിധ കോടതികളിലായി പോലീസ് എത്ര കേസ് ചാർജ്ജ് ചെയ്തിട്ടുണ്ട് ;

(ബി) എത്ര എണ്ണം അതിൽ വിധിപറഞ്ഞു കഴിഞ്ഞിട്ടുണ്ട് ;

(സി) ഗവണ്മെന്റിൽനിന്നും അതിൽ എത്ര കേസുകൾ പിൻവലിച്ചിട്ടുണ്ട് ;

(ഡി) വിധി പറഞ്ഞവയിൽ എത്ര കേസുകൾ തെളിവില്ലാതെ വെറുതെ വിട്ടു ; എത്ര എണ്ണം ശിക്ഷിച്ചു ?

ഉത്തരം.

(എ, ബി, സി, ഡി) വിവരങ്ങൾ ശേഖരിച്ചു വരിയാണ്.

പാടം കൃഷി സഹകരണസംഘം.

42. [13] ശ്രീ പി. ആർ. മാധവൻപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാടം കൃഷി സഹകരണസംഘം എന്നൊന്ന് ഇന്നും കുന്നത്തൂർ താലൂക്കിൽ പ്രവർത്തിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ അതിലെ ഇന്നത്തെ മെമ്പറന്മാർ, കമ്മിറ്റി മെമ്പറന്മാർ, സെക്രട്ടറി, പ്രസിഡന്റ് തുടങ്ങിയ ഔദ്യോഗിക മാരുവാഹികൾ ആരൊക്കെ ;

(ബി) ടി സംഘത്തിന്റെ പൊതുയോഗങ്ങളും കമ്മിറ്റിയോഗങ്ങളും കൂടുന്ന ആഫീസ് എവിടെയാണ് ; അത് 1955-ൽ ആഡിറ്റ് ചെയ്തിട്ടുണ്ടോ ; ഇതിനുമുമ്പ് അതിന്റെ പ്രെയിഡ് സെക്രട്ടറിയായി എത്രപേർ ജോലിനോക്കി ; അവരുടെ പേർ എന്താണ് ; രജിസ്ട്രാരുടെ അനുവാദത്തോടുകൂടിയാണോ സെക്രട്ടറിമാരെ മാറ്റിയതെന്നു പറയുമോ ;

(സി) പ്രസ്തുത സംഘത്തിനു ഇന്നു കൈവശമുള്ള എന്തൊക്കെ സ്വത്തുക്കളുണ്ട് ; സംഘം എന്തു തുക നൽകിയാണ് ആ ഭൂമി വാങ്ങിയതെന്നു പറയുമോ ; ആ സ്വത്തിന്റെ ജാമ്യത്തിൽ സെൻട്രൽ കോവപ്പറേറ്റീവ് ബാങ്കിൽ നിന്നും സംഘം വായ്പ കൈ അപേക്ഷിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്രയുടെ ; അതു നൽകിയോ ; നൽകിയില്ലെങ്കിൽ എന്തുകൊണ്ട് ?

ഉത്തരം

വിശദവിവരം ശേഖരിച്ചുവരുന്നു.

ചെറുതുരുത്തി ആയുർവേദാശുപത്രി.

43. [18] ശ്രീ. പി. കോരുവേറൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അടുത്ത എത്രാനും മാസങ്ങൾക്കു മുമ്പ് ബഹുമാനപ്പെട്ട മെഡിക്കൽ മന്ത്രി ചെറുതുരുത്തി സന്ദർശിച്ചപ്പോൾ ചെറുതുരുത്തി ആയുർവേദാശുപത്രിയുടെ വക ഒരു മെമ്മോറാണ്ടം സമർപ്പിക്കുകയുണ്ടായോ ;

LIBRARY ARCHIVES Kerala Legislative Assembly